ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്.

ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള ലൈസൻസും രജിസ്ട്രേഷനും

69 (2278) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ടെന്നും നിലവിൽ ഇനി എത്ര പേർ ലൈസൻസും രജിസ്ട്രേഷനും എടുക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിപണന മേഖലയിൽ ഭക്ഷ്യവിഷ ബാധ സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട് ; എത്ര പേർ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധ തടയുവാനായി ഓരോ വർഷവും എത്ര റെയ്ഡുകൾ നടത്തിയെന്നും പിഴയിനത്തിൽ എത്ര തുക ലഭിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കിയെന്നും അവയിൽ താൽക്കാലികം എത്രയെന്നും സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ഡി) ഭക്ഷ്യ സുരക്ഷാവകുപ്പിൽ എത്ര ജീവനക്കാരുണ്ട് ; എത്ര പേരുടെ ഒഴിവുകളുണ്ട് ; സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരില്ല ; ജില്ല തിരിച്ച് ഇവയെ സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഭക്ഷ്യസുരക്ഷാവകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച പി.&എ.ആർ.ഡി. വകുപ്പുപഠനം പൂർത്തിയായോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പഠനം പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് പൂർണ്ണ മറുപടിയോടൊപ്പം ലഭ്യമാക്കുന്നതാണ്.

കുറുവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

70 (2279) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 10704/ഇ 2/2014, 55176/ഇ 2/2013 എന്നീ ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് ഉള്ളത് ; ഇതു സംബന്ധിച്ച് ഡി.എച്ച്.എസ്.ന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുതഫയലിൽ പുതിയ ഡി.പി.ആർ തയ്യാറാക്കിയിണ്ടോ ; എങ്കിൽ എത്രയുകയാണ് പുതിയ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10704/ഇ 2/14 നമ്പർ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. 55176/ഇ 2/13 എന്ന നമ്പരിൽ ഫയൽ ഇല്ല.

(ബി) പുതിയ ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലിന്മേൽ അഭിപ്രായത്തിനായി ധനകാര്യവകുപ്പിലേക്ക് ഫയൽ അയച്ചിരുന്നു. പ്രസ്തുത ആശുപത്രി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിയതാണോ എന്നതു സംബന്ധിച്ച് ധനവകുപ്പ് ആവശ്യപ്പെട്ടതിന്മേൽ റിപ്പോർട്ടിനായി ആരോഗ്യവകുപ്പ് ഡയറക്ടറോട് ആരാഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly